LIBRARY ARCHIVES Kerala Legislative Assembly

മാനന്തവാടി ദ്വാരക സർക്കാർ പോളിടെക്നിക്കിന് പുതിയ കെട്ടിടം

123 (2843) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ ദ്വാരക സർക്കാർ പോളിടെക്നിക്കിന് പുതിയ കെട്ടിടം നിർമിക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ മേൽനോട്ട ചുമതല വഹിക്കുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടനിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

(എ-സി) 28-11-2018-ലെ സ.ഉ(സാധാ) നമ്പർ 2160/2018/ഉവിവ. പ്രകാരം മാനന്തവാടി സർക്കാർ പോളിടെക്നിക്ക് കോളേജിലെ അക്കാഡമിക്ക് ബ്ലോക്കിന്റെ നിർമ്മാണത്തിന് 4.22 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത് KITCO ആണ്. KITCO-യ്ക്ക് സ്ഥലം കൈമാറുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. 2022 ആഗസ്റ്റിൽ പദ്ധതി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സി-ആപ്റ്റിലെ അനധികൃത സ്ഥാനക്കയറ്റം

124 (2844) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിന്റിംഗ് മേഖലയിൽ ഉന്നത ടെക്നിക്കൽ വിദ്യാഭ്യാസയോഗ്യത ആവശ്യമായ തസ്തികകളിൽ യോഗ്യതയില്ലാത്തവരെ പ്രൊമോട്ട് ചെയ്യുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; എല്ലാ തസ്തികകൾക്കും ഇത് ബാധകമാണോ?

സി-ആപ്റ്റിൽ നിലവിൽ പ്രൊമോഷൻ പോളിസി/സ്റ്റാഫ് പാറ്റേൺ/ സ്പെഷ്യൽ റൂൾസ് എന്നിവ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഒരു വിഭാഗത്തിലുള്ള ജീവനക്കാർക്കും ഇപ്പോൾ പ്രൊമോഷൻ നൽകുന്നില്ല. 2002 ജനുവരി 3-ാം തീയതി ചേർന്ന സെന്ററിന്റെ 24-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം സി-ആപ്റ്റിലെ ജീവനക്കാരുടെ പ്രൊമോഷൻ മരവിപ്പിച്ചിരിക്കുകയാണ്. എന്നാൽ, കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഒരു ജീവനക്കാരന് പ്രൊമോഷൻ നൽകിയതൊഴികെ മറ്റാർക്കുംതന്നെ ഇക്കാലയളവിൽ പ്രൊമോഷൻ നൽകിയിട്ടില്ല.

(ബി) സി-ആപ്റ്റിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ഓഫീസർ-ഇൻ-ചാർജ്ജ് എന്ന തസ്തികയിൽ സ്ഥിരം ഓഫീസർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ?

സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ/പ്രൊമോഷൻ പോളിസി/സ്പെഷ്യൽ റൂൾസ് എന്നിവ നടപ്പിലാക്കുന്ന മുറയ്ക്ക് അതിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതാണ്.

(സി) സ്വന്തമായി ഒരു കെട്ടിടം ഇല്ലാത്തതിനാൽ അടച്ചുപൂട്ടൽ ഭീഷണിയിലായ കോട്ടയം സബ്സെന്ററിന് സ്വന്തമായി കെട്ടിടം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സി-ആപ്റ്റിന്റെ കോട്ടയം ഉപകേന്ദ്രം നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പാലാ ടെക്സ്റ്റ് ബുക്ക് ഡിപ്പോ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കോട്ടയം ഉപകേന്ദ്രത്തിനായി സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ്

125 (2845) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ് റെഗുലറായി നടത്തുന്നുണ്ടോ?

സംസ്ഥാനത്ത് കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ് റെഗുലറായി നടത്തുന്നില്ല.

(ബി) കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) പരീക്ഷ എഴുതുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്താണെന്ന് വിശദമാക്കാമോ?

കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) എന്ന കോഴ്സ് നിലവിലില്ല.

(സി) സി-ആപ്റ്റിന്റെ ആറുമാസത്തെ കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് റെഗുലറായാണോ നടത്തുന്നത്; ഇത് പഠിക്കുന്നതിനുള്ള യോഗ്യത എന്താണ്?

സർക്കാർ ഉത്തരവ് സ.ഉ(സാധാ) നമ്പർ 1478/05/ഉവിവ പ്രകാരം Advance Certificate Course in offset Printing നിർത്തലാക്കുകയും ഒരു വർഷ ദൈർഘ്യമുള്ള ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി സർട്ടിഫിക്കറ്റ് കോഴ്സ് സി-ആപ്റ്റ് മുഖേന റെഗുലറായി നടത്തുകയും ചെയ്യുന്നുണ്ട്. പ്രസ്തുത കോഴ്സിന്റെ നിലവിലുള്ള അടിസ്ഥാന യോഗ്യത Pre Degree/+2/VHSE/Diploma in any discipline or any other equivalent examination ആണ്.

LIBRARY ARCHIVES Kerala Legislative Assembly